150 YEARS OF CELEBRATING THE MAHATMA

**നഗരാസൂത്രകന്റെ കാര്യാലയം പത്തനംതിട്ട**

**<u>നഗരാസൂത്രകന്റെ നടപടിക്രമം</u>**

നഗരാസൂത്രകന്റെകാര്യാലയം,പത്തനംതിട്ട- പള്ളിക്കൽ ഗ്രാമ പഞ്ചായത്ത് ആശുപത്രി കെട്ടിടനിർമ്മാണം-Dr .S പാപ്പച്ചൻ, കാലായിൽ വീട്, മലമേക്കര, അടൂർ പി.ഓ പത്തനംതിട്ടയുടെ അപേക്ഷ - റിവൈസ് പ്ലാൻ - സ്ഥലത്തിന്റെ ഉപയോഗത്തിനും കെട്ടിടങ്ങളുടെ ലെ ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നത് സംബന്ധിച്ച്

പരാമർശം :- 1. ഈ ഓഫീസിൽ നിന്നുള്ള 29.1.2019 ലെ C/65/2019/D.Dis നമ്പർ ഉത്തരവ്.

2.Dr .S പാപ്പച്ചൻ ,കാലായിൽ വീട്, മലമേക്കര, അടൂർ പി.ഓ പത്തനംതിട്ട യുടെ 10.4.2019, 4.5.2019 എന്നീ തീയതികളിലെ അപേക്ഷകൾ

*****************************************************************

ഉത്തരവ് നമ്പർ :-TCPPTA/323/2019-C **15/05/2019**

*****************************************************************

പള്ളിക്കൽ ഗ്രാമ പഞ്ചായത്തിൽ പെരിങ്ങനാട് വില്ലേജിൽ റീ-സർവ്വേ നമ്പർ 201/2-1, 201/29-1, 201/9-2 9-1 6-1, 201/15, 208/14-1, 15-2, 206/14,13, 201/8, 201/6-2, 10-3, 201/25, 2-2,17, 208/15-1, 201/1,1-1,28,27,25,24, 206/19, 201/23,21,11-2,23, 7, 16,11-3,10-2 എന്നിവയിൽ ഉൾപ്പെട്ട 16517 ചതുരശ്ര മീറ്റർ വിസ്തീർണമുള്ളതും, നിലവിൽ ആശുപത്രിയും അനുബന്ധ കെട്ടിടങ്ങളും സ്ഥിതി ചെയ്യുന്ന പ്ലോട്ടിൽ നിലവിലുള്ള ആശുപത്രി കെട്ടിടത്തോട് കൂട്ടിച്ചേർത്തു Ground floor+ Eight upper floors+Terrace floor + lift machine room എന്നീ നിലകളോട് കൂടിയതും ആകെ 4439.95 ചതുരശ്ര മീറ്റർ വിസ്തീർണത്തിൽ (ഫ്ലോർ ഏരിയ) ആശുപത്രി ഉപയോഗത്തിനായി (Group C- Medical / Hospital Occupancy) നിർമാണം നടത്തുന്നതിന് (പ്ലോട്ടിലെ കെട്ടിടങ്ങളുടെ ആകെ വിസ്തീർണം 15024.29 ചതുരശ്ര മീറ്റർ) താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കേരളാ പഞ്ചായത്ത് കെട്ടിട നിർമാണച്ചട്ടം 2011 (KPBR -2011), ചട്ടം 56(1) ന അനുസൃതമായി , പരാമർശം.2 പ്രകാരം ലഭിച്ച റിവൈസ്ഡ് പ്ലാനിനു സ്ഥലത്തിന്റെ ഉപയോഗത്തിനും , കെട്ടിടങ്ങളുടെ ലേ -ഔട്ടിനും അംഗീകാരം നൽകുന്നു. ഈ ഓഫീസിൽ നിന്നുള്ള 29.1.2019 ലെ C/65/2019/D.Dis നമ്പർ ഉത്തരവ് ഇതോടൊപ്പം റദ്ദ് ചെയ്യുന്നു.

തഴപ്പറയുന്ന നിബന്ധനകൾ പൂർണമായും പാലിച്ചിട്ടുണ്ടെന്നും, <u>നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി / എൻ.ഓ.സി</u> എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും

ഉറപ്പുവരുത്തിയശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമാണാനുമതി / ഒക്കപ്പേൻസി നൽകുവാൻ പാടുള്ളു.

**നിബന്ധനകൾ**

1. കെ.പി. ബി. ആർ 2011 ലെ ചട്ടം.11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമാണാവകാശം, എന്നിവയും നിർദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപെട്ടിട്ടില്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.

2. കേരളാ പഞ്ചായത്ത് കെട്ടിട നിർമാണച്ചട്ടം 2011 (KPBR -2011) ചട്ടം 7(11)(a)(i) പ്രകാരം നിർദിഷ്ട നിർമാണം നടത്തുന്ന പ്ലോട്ടിനോട് തുടർച്ചയായി വരുന്ന അപേക്ഷകന്റെ വക മുഴുവൻ സ്ഥലവും സൈറ്റ് പ്ലാനിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തണം. അപേക്ഷകന്റെ പ്ലോട്ടിലെ നിലവിലുള്ള കെട്ടിടങ്ങളെല്ലാം അധികൃതമാണെന്ന് ഉറപ്പു വരുത്തണം.

3. നിർദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന / നിർമ്മാണ പ്രവർത്തനങ്ങൾ 2008 ലെ കേരള നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967 ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്നപക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം

5. കട്ടിങ് / ഫില്ലിംഗ് എന്നിവയ്ക്ക് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ NOC വാങ്ങിയിരിക്കണം

6. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തുകയും പരിസര വാസികൾക്ക് ദോഷകരമല്ലാത്ത രീതിയിൽ മാലിന്യ നിർമാർജനം നടത്തുകയും വേണം. കേരളാ പഞ്ചായത്ത് കെട്ടിട നിർമാണച്ചട്ടം 2011 (KPBR -2011) ചട്ടം 56(8) പ്രകാരമുള്ള in-situ liquid waste management treatment plant, ചട്ടം 56(9) പ്രകാരമുള്ള Special provision for recycling and reusing of waste water എന്നിവയ്ക്കുള്ള സംവിധാനം ഏർപ്പെടുത്തുകയും അവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുകയും വേണം. ചട്ടം 56(3) പാലിച്ചിരിക്കണം.

7. കേരളാ പഞ്ചായത്ത് കെട്ടിട നിർമാണച്ചട്ടം 2011 (KPBR -2011) ചട്ടം 56(6) പ്രകാരമുള്ള അഗ്നി സുരക്ഷാ സംവിധാനങ്ങൾ ഏർപെടുത്തിയിരിക്കണം.

8. പാർക്കിംഗ് പ്ലാനിൽ കാണിച്ചിരിക്കുന്ന പ്രകാരം parking area, drive way എന്നിവ ഒക്കപ്പേൻസി നൽകുന്നതിന് മുൻപ് പൂർണമായും സജ്ജമാക്കിയിരിക്കണം. ചട്ടം 112 പ്രകാരം 5.00 മീറ്റർ വീതിയുള്ള motorable open space നൽകേണ്ടതും, പ്രസ്തുത motorable open space വാഹനങ്ങളുടെ പാർക്കിങ്ങിന് ഉപയോഗിക്കുവാനോ, മറ്റ് നിർമാണങ്ങൾ നടത്തുവാനോ പാടില്ല.

9. നിലവിൽ ആശുപത്രിയും അനുബന്ധ ഉപയോഗത്തിലുമുള്ള കെട്ടിടങ്ങളുള്ള പ്ലോട്ടിലെ നിർമ്മാണമെന്ന നിലയിൽ നിർമാണ സമയത്തു ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിരിക്കണം.

10. കെ പി ബി ആർ -2011 ചട്ടം 51(1) ന അനുസൃതമായി എല്ലാ മുറികൾക്കും lighting and ventilation ലഭ്യമാക്കേണ്ടതാണ്.

11. High rise building എന്ന നിലയിൽ KPBR-2011, അധ്യായം XIX - ലെ ബന്ധപ്പെട്ട ചട്ടങ്ങളെല്ലാം പൂർണമായും പാലിച്ചുകൊണ്ടായിരിക്കണം നിർമാണം.

12. നിർമ്മാണം കെ.പി.ബി.ആർ-2011 നും, അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

*ഈ ഉത്തരവ് നിർമാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതിയില്ല കെട്ടിട നിർമാണ ചട്ടങ്ങൾക്ക് അനുസൃതമായി നിർമാണ / വികസന അനുമതി പള്ളിക്കൽ ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭിച്ച ശേഷം മാത്രമേ നിർമാണം ആരംഭിക്കുവാൻ പാടുള്ളൂ.*

**ANILKUMAR P, TP TPPTA, O/O TP TPPTA**

**ഉള്ളടക്കം :-അംഗീകാരം രേഖപ്പെടുത്തിയ പ്ലാൻ(1 സെറ്റ്)**

**സെക്രട്ടറി, പള്ളിക്കൽ ഗ്രാമ പഞ്ചായത്ത്**

**പകർപ്പ്:-**

1 Dr .S പാപ്പച്ചൻ
കാലായിൽ വീട്
മലമേക്കര,അടൂർ പി.ഓ
പത്തനംതിട്ട
2 ഓഫീസ് കോപ്പി
3. വെബ് സൈറ്റ്
4 അധികം.